# ഗ്രേറ്റ് ബ്രിട്ടൺ സീറോ മലബാർ രൂപത

**ഇടയലേഖനം 1**

## ദൈവപരിപാലനയിൽ ഗ്രേറ്റ് ബ്രിട്ടൺ സീറോ മലബാർ രൂപതയുടെ മെത്രാനായ മാർ ജോസഫ് സ്രാമ്പിക്കൽ രൂപതയിലെ വൈദികർക്കും സന്യാസിനീസന്യാസികൾക്കും വിശ്വാസികൾ ഏവർക്കും എഴുതുന്നത്.

**''ഈശോ പരിശുദ്ധാത്മാവ് നിറഞ്ഞവനായി ജോർദ്ദാനിൽ നിന്ന് മടങ്ങി. ആത്മാവ് അവനെ മരുഭൂമിയിലേക്ക് നയിച്ചു'' (ലൂക്കാ 4, 1)**

മിശിഹായിൽ പ്രിയ ബഹുമാനപ്പെട്ട വൈദികരെ, സന്യസ്തരെ, മാതാപിതാക്കളെ, സഹോദരീസഹോദരന്മാരെ, കുഞ്ഞുങ്ങളെ,

സുവിശേഷ സന്ദേശവുമായി ഇംഗ്ലണ്ടിന്റെ മണ്ണിലേക്ക് കാന്റർബെറിയിലെ വിശുദ്ധ അഗസ്റ്റിൻ എ. ഡി. 597-ൽ എത്തിച്ചേർന്ന റാംസ്ഗേറ്റിൽ, വൈദികരുടെ ധ്യാനത്തിൽ സംബന്ധിച്ച് കൊണ്ടിരിക്കവേയാണ് ഗ്രേറ്റ് ബ്രിട്ടൺ രൂപതാ മെത്രാൻ എന്ന നിലയിൽ ഈ ആദ്യ ഇടയലേഖനം ഞാൻ എഴുതുന്നത്. വിൻസെൻഷ്യൻ വൈദികരുടെ മേൽനോട്ടത്തിലുള്ള ഈ പ്രാർത്ഥനാ ഭവനം മുമ്പ് വിശുദ്ധ അഗസ്റ്റിന്റെ നാമത്തിലുള്ള ബെനഡിക്റ്റൈൻ സന്യാസ ആശ്രമം ആയിരുന്നു. ധ്യാനത്തിൽ പങ്കെടുത്ത വൈദികരോടും വിവിധ ശുശ്രൂഷകൾക്ക് ഞങ്ങളെ സഹായിച്ച സന്യാസിനികളോടും അൽമായ സഹോദരങ്ങളോടുമൊപ്പം ആ മഹാപ്രേഷിതന്റെ തിരുശേഷിപ്പുകൾ വണങ്ങി പ്രാർത്ഥിച്ചപ്പോഴും, പല ഭാഷയിലും സംസ്കാരത്തിലും പ്രായത്തിലുമുള്ളവർ ധ്യാനകേന്ദ്രത്തിന്റെ ശുശ്രൂഷകളിൽ സംബന്ധിക്കുന്നതു കണ്ടപ്പോഴും പതിനാലു നൂറ്റാണ്ടിനു ശേഷം 'സുവിശേഷത്തിന്റെ ജോലി ചെയ്യുവാൻ' നമ്മെ തിരഞ്ഞെടുക്കുന്ന ദൈവത്തിന്റെ ഒരിക്കലും അസ്തമിക്കാത്ത കരുണയെക്കുറിച്ചാണ് ഞാൻ ഓർമ്മിച്ചത്. അനേകം പുണ്യാത്മാക്കളുടെ പ്രാർത്ഥനയാൽ പവിത്രമായ ഈ മണ്ണിൽ നിന്ന് നോമ്പുകാലസന്ദേശത്തിനു രൂപം നൽകുക എത്രയോ വലിയ ദൈവപരിപാലനയാണ്. ഈ മാസം 26-ാം തീയതി വലിയ നോമ്പ് ആരംഭിക്കുമ്പോൾ മാർ തോമ്മാ ശ്ലീഹായുടെ പ്രേഷിത ദൗത്യത്തിന്റെ ഫലമായ നമ്മുടെ വിശ്വാസജീവിതത്തിനു ഗ്രേറ്റ് ബ്രിട്ടന്റെ മണ്ണിൽ നിറവേറ്റാനുള്ള ചരിത്രപരമായ ദൗത്യത്തെക്കുറിച്ചു വിനയപൂർവ്വം വിചിന്തനം ചെയ്യുവാൻ ഈ സന്ദേശത്തിലൂടെ ഞാൻ നിങ്ങളെ ക്ഷണിക്കുകയാണ്.

നമ്മുടെ ജീവിതത്തിനു ദൈവത്തിന്റെ പദ്ധതിയിൽ ഒരു സ്ഥാനമുണ്ട് എന്ന് മനസിലാക്കുകയും അത് നിറവേറ്റാൻ പരിശ്രമിക്കുകയും ചെയ്യുക ക്രൈസ്തവ ജീവിതത്തിൽ പരമ പ്രധാനമാണ്. നിങ്ങളുടെ വിളിയും നിയോഗവും അനുസരിച്ചു ജീവിക്കുക എന്ന് വിശുദ്ധ പൗലോസ് നമ്മെ ഉദ്ബോധിപ്പിക്കുന്നു (1 കോറി 7, 17). പൂർവ്വപിതാക്കന്മാർ, പ്രവാചകന്മാർ, പരിശുദ്ധ അമ്മ, വിശുദ്ധർ - വിശുദ്ധ ഗ്രന്ഥത്തിലും രക്ഷാകര ചരിത്രത്തിലും ഇങ്ങനെ വിളിയും നിയോഗവും അറിഞ്ഞു ജീവിച്ചവർ ഏറെയാണ്. ദൈവപിതാവ് തന്നെ ഭരമേല്പിച്ച ദൗത്യം പൂർത്തിയാക്കുന്നതിൽ നിന്ന് പിന്തിരിപ്പിക്കുവാനുള്ള എല്ലാ പ്രലോഭനങ്ങളെയും അതിജീവിച്ച് ഈശോ നമുക്ക് മാതൃക കാട്ടിത്തന്നു. യഥാർത്ഥത്തിൽ പ്രലോഭനം എന്നത് തിന്മകളിലേക്കുള്ള ആകർഷണം മാത്രമല്ല, നമ്മെ സംബന്ധിച്ച ദൈവികപദ്ധതികളിൽ നിന്ന് ഒഴിഞ്ഞുമാറുവാനുള്ള ക്ഷണവുമാണ്. നമ്മുടെ ജീവിത പരിസരങ്ങളിലാണ് നമ്മെക്കുറിച്ചുള്ള ദൈവികപദ്ധതി വെളിപ്പെടുക. എങ്കിലും ജീവിതസാഹചര്യങ്ങൾ തീർക്കുന്ന പരിമിതമായ ലക്ഷ്യങ്ങൾ മാത്രമേ നമുക്കുള്ളു എന്ന് കരുതാനാവില്ല. 'മനുഷ്യൻ അപ്പം കൊണ്ട് മാത്രമല്ല ജീവിക്കുന്നത്, പ്രത്യുത ദൈവത്തിന്റെ നാവിൽ നിന്ന് പുറപ്പെടുന്ന ഓരോ വാക്കുകൊണ്ടുകൂടെയാണ്' (മത്താ 4, 4) എന്ന് പറയുമ്പോൾ ഈശോ ഭൗതികതയ്ക്കപ്പുറമുള്ള മനുഷ്യന്റെ ജീവിത നിയോഗത്തെ വ്യക്തമാക്കുന്നു. ഗ്രേറ്റ് ബ്രിട്ടൺ രൂപതയിലെ വിവിധ സമൂഹങ്ങളെയും കുടുംബങ്ങളേയും അടുത്തറിയുവാൻ വേണ്ടി യാത്ര ചെയ്യുന്ന അജപാലന ശുശ്രൂഷയുടെ ഈ പ്രാരംഭ ഘട്ടം എനിക്ക് തീർത്ഥാടനത്തിനു തുല്യമായ അനുഭവമാണ്. ഈ യാത്രകളിൽ തങ്ങളുടെ ജീവിത സാഹചര്യങ്ങളുടെ അതിരുകളിൽനിന്നുതന്നെ സുവിശേഷ വെളിച്ചത്തിനു സജീവ സാക്ഷ്യം നൽകുന്ന അനേകം വ്യക്തികളെയും കുടുംബങ്ങളെയും കാണുവാൻ എനിക്ക് സാധിച്ചു. നമ്മുടെ രൂപത തന്നെയും അത്തരത്തിലുള്ള അനേകരുടെ പ്രാർത്ഥനയ്ക്കും ഉദാരമായ ആത്മാർപ്പണത്തിനും ദൈവം നൽകിയ പ്രത്യുത്തരമായും മനസിലാക്കാവുന്നതാണ്.

ഗ്രേറ്റ് ബ്രിട്ടൺ രൂപതയിലെ മെത്രനാനടുത്ത ശുശ്രൂഷയുടെ ആദർശ വാക്യമായി ഞാൻ സ്വീകരിച്ചിരിക്കുന്നത് **'സുവിശേഷകന്റെ ജോലി ചെയ്യാൻ'** (2 തിമോ 4, 5) എന്ന തിരുവചനമാണെന്നു നിങ്ങൾക്കറിയാമല്ലോ. അതു പോലെ തന്നെ നമ്മുടെ രൂപതയുടെ ആദർശവാക്യം, **'ആഴം ആഴത്തെ വിളിക്കുന്നു'** (സങ്കീ 42, 7) എന്നതാണ്. ഈ തിരുവചന ഭാഗങ്ങൾ എന്റെ ശുശ്രൂഷയുടെ അർത്ഥവും വ്യാപ്തിയും മനസിലാക്കുവാൻ എനിക്ക് സഹായക മായിട്ടുണ്ട്. സുവിശേഷകന്റെ ജോലി എന്നത് ഈശോ സമാരംഭിച്ച ദിവ്യ ദൗത്യത്തിന്റെ തുടർച്ചയാണ് (ലൂക്ക 4, 18). 'എന്റെ പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയ്ക്കുന്നു' (യോഹ 20, 21). ഇപ്രകാരം അയക്ക പ്പെട്ടവരിലൂടെ - അത് തോമ്മാശ്ലീഹായാകാം, കാന്റർബെറിയിലെ വിശുദ്ധ അഗസ്റ്റിനാവാം- ശ്ലീഹൻമാരിലൂടെയും മിഷനറിമാരിലൂടെയും വിശ്വാസം സ്വീകരിച്ചവരാണ് നാം. സുവിശേഷം അറിയിക്കുവാനുള്ള ദൗത്യം നമ്മിലൂടെ ലോകാന്ത്യം വരെയും തുടരേണ്ടിയിരിക്കുന്നു (മത്താ 28, 20). ദൈവം എന്ന മഹാ രഹസ്യത്തിന്റെ ആഴങ്ങളിലേക്ക് മനുഷ്യാത്മാവിന്റെ അഗാധതലങ്ങളെ സുവിശേഷം ക്ഷണിക്കുന്നു. ഈ ആഹ്വാനത്തിന് ചെവി കൊടുക്കുവാൻ നമ്മുടെ സഹോദരങ്ങളെ നാം സഹായിക്കേണ്ടതുണ്ട്. അതുപോലെ തന്നെ സുവിശേഷ സന്ദേശം ആഴമായി സ്വാധീനിച്ച സംസ്കാരമാണ് ഗ്രേറ്റ് ബ്രിട്ടന്റേത്. മിശിഹായുടെ അരുമ ശിഷ്യനിൽ നിന്ന് ആദ്യ നൂറ്റാണ്ടിൽ തന്നെ സുവിശേഷം സ്വീകരിച്ച് ഭാരതത്തിന്റെ ഉന്നതമായ സംസ്കാരത്താൽ സമ്പുഷ്ടമായ നമ്മുടെ സഭ ഗ്രേറ്റ് ബ്രിട്ട ണിൽ ഈ രണ്ട് മഹത് പാരമ്പര്യങ്ങളുടെയും നന്മകൾ ഉൾക്കൊണ്ട് വളരണം.

സീറോ മലബാർ സഭയുടെ ധന്യമായ പൈതൃകവും ആത്മീയതയും ഗ്രേറ്റ് ബ്രിട്ടന്റെ സ്ഥലകാല സാഹചര്യങ്ങ ളിൽ എങ്ങനെയാണ് നാം ജീവിക്കുകയും പങ്കുവെയ്ക്കുകയും ചെയ്യുന്നത്? മെത്രാഭിഷേകത്തിന് മുമ്പ് ഗ്രേറ്റ് ബ്രിട്ട ണിലെ വിവിധ രൂപതകളിലെ അഭിവന്ദ്യ പിതാക്കന്മാരും വൈദികരും നമ്മുടെ കൂട്ടായ്മകളുടെയും കുടുംബങ്ങളു ടെയും വിശ്വാസസാക്ഷ്യത്തെക്കുറിച്ച് പറഞ്ഞ അഭിനന്ദങ്ങൾ എന്റെ ഓർമ്മയിൽ സജീവമായുണ്ട്. മെത്രാഭിഷേക വേളയിൽ നമ്മുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ്പ് മാർ ജോർജ്ജ് കാർഡിനൽ ആല ഞ്ചേരി ഇങ്ങനെ പറയുകയുണ്ടായി 'ഇതുവരെ നിങ്ങൾ ഗ്രേറ്റ് ബ്രിട്ടന്റെ വിവിധ സ്ഥലങ്ങളിൽ ചിതറി പാർക്കുന്ന വിശ്വാസസമൂഹങ്ങളായിരുന്നു. എന്നാൽ ഇപ്പോൾ നിങ്ങൾ ഒരു മെത്രാന്റെ കീഴിൽ ഒരു സഭാ സമൂഹമായി ഒരുമി ക്കപ്പെട്ടിരിക്കുന്നു'. കൂട്ടായ്മകളിൽനിന്ന് സഭാജീവിതത്തിന്റെ നിയതമായ സംവിധാനങ്ങളിലേക്ക് വളരുമ്പോൾ നമ്മുടെ സാക്ഷ്യത്തിന് ശക്തിയും ശോഭയും വർദ്ധിക്കും. തിരുസഭയ്ക്കു ജീവനേകുന്ന വിശുദ്ധ കുർബാനയുടെ അർപ്പണത്തിനായി ഇടവകകളും വൈദികരും നമുക്കുണ്ടാകണം. നമ്മുടെ സഭയുടെ ആരാധനക്രമവും ആത്മീയ തയും ഭാവി തലമുറകൾക്ക് അനുഭവവേദ്യമാകാൻ ഉതകുന്ന എല്ലാ മാർഗ്ഗങ്ങളും സ്വീകരിക്കുവാൻ നാം ശ്രദ്ധിക്ക ണം. അപ്പോൾ മാത്രമേ പ്രാർത്ഥനയുടെ നിയമം വിശ്വാസത്തിന്റെ നിയമവും വിശ്വാസത്തിന്റെ നിയമം ജീവിത ത്തിന്റെ നിയമമായും മാറുകയുള്ളൂ.

നമ്മുടെ രൂപതയുടെ ഏറ്റവും വലിയ സവിശേഷത അത് യൗവ്വനത്തിന്റെ ഊർജ്ജവും ചൈതന്യവും പ്രസരിപ്പി ക്കുന്നു എന്നുള്ളതാണ്. അതുപോലെ തന്നെ ദൈവസ്നേഹത്തിലും പ്രാർത്ഥനയിലും തീക്ഷ്ണതയോടെ വള രുന്ന അനേകായിരം കുഞ്ഞുമക്കളും നമുക്കുണ്ട്. സീറോ മലബാർ സഭാപാരമ്പര്യത്തെ അഭംഗുരം പാലിക്കുവാൻ അക്ഷീണം പരിശ്രമിച്ച ധാരാളം അല്മായ സഹോദരങ്ങളുടെയും വൈദികരുടെയും അധ്വാനഫലങ്ങളാണ് നമ്മുടെ സമൂഹങ്ങൾ. സാർവ്വത്രിക സഭയുടെ ശ്രേഷ്ഠമായ അജപാലനചൈതന്യത്തിന് യോജിച്ച വിധം ഗ്രേറ്റ് ബ്രിട്ടണിൽ നാം അംഗങ്ങളായിരുന്ന ഇടവകകളിലെ ബഹുമാനപ്പെട്ട വൈദികരും വിവിധ രൂപതാദ്ധ്യക്ഷന്മാരും ഈ വളർച്ചയ്ക്ക് സഹായകരമായ അവസരങ്ങൾ ഒരുക്കി എന്നതും നന്ദിയോടെ അനുസ്മരിക്കേണ്ടതാണ്. നമ്മുടെ സമൂഹത്തിന്റെ വളർച്ചയുടെ പ്രാരംഭദശയെ കേരളക്രൈസ്തവരുടെ മറ്റ് കുടിയേറ്റ ചരിത്രങ്ങളോട് കൂട്ടി ച്ചേർത്തു നോക്കുമ്പോൾ ഏറെ സമാനതകൾ കാണാനാവും. അമ്പതുകളിലും അറുപതുകളിലുമെല്ലാം കേരള ത്തിന്റെ വടക്കുകിഴക്കൻ മേഖലകളിലേക്ക് യാത്രയായവർ ജീവൻ പണയം വെച്ചാണ് പ്രതികൂലങ്ങളെ നേരിട്ടത്. കഠിനാധ്വാനവും ആഴമേറിയ വിശ്വാസത്തിലുറച്ച പ്രാർത്ഥനയും മാത്രമായിരുന്നു അവരുടെ ബലവും കൈമു തലും. എത്തിച്ചേർന്ന ഇടങ്ങളിൽ അവരുയർത്തിയ പ്രാർത്ഥനയുടെ ആലയങ്ങൾ ഇന്നും ആ വിശ്വാസ ദാർഢ്യ ത്തിന്റെ അടയാളങ്ങളായി നിലകൊള്ളുന്നുണ്ട്. പിൽക്കാലത്ത് ഇന്ത്യയുടെ പല ഭാഗങ്ങളിലേക്കും രാജ്യത്തിന്റെ വെളിയിലേക്കും വ്യാപിച്ച നമ്മുടെ സഭ വളർച്ചയുടെ പുതിയൊരു ഘട്ടത്തിലൂടെയാണ് ഇപ്പോൾ സഞ്ചരിക്കുന്നത്.

കുടിയേറ്റത്തിന്റെ ആദ്യകാലങ്ങൾ മുതൽക്കേ സീറോ മലബാർ സഭയുടെ വിശുദ്ധ കുർബാന അർപ്പിക്കുന്നതിലും കുഞ്ഞുങ്ങൾക്ക് വിശ്വാസ പരിശീലനം നല്കുന്നതിലും ശ്രദ്ധിച്ചുപോന്ന നമുക്ക് ഇക്കാര്യങ്ങൾ കൂടുതൽ ഫലപ്രദ മായി മുമ്പോട്ട് കൊണ്ടുപോകുവാൻ പുതിയ രൂപത എന്ന ദാനത്തിലൂടെ ദൈവം അവസരം ഒരുക്കി. ഈ ലക്ഷ്യം മുൻനിർത്തി ബഹുമാനപ്പെട്ട കൂര്യാവൈദികരോട് ആലോചിച്ച് വിവിധ അജപാലനമേഖലകളെ കണ്ടെത്തി, കമ്മീ ഷനുകൾ രൂപീകരിച്ച് അവയുടെ ചുമതല ബഹുമാനപ്പെട്ട വൈദികരെ ഭരമേല്പിച്ചിട്ടുണ്ട്. വിശുദ്ധ ജോൺ പോൾ രണ്ടാമൻ 'സ്ത്രീത്വത്തിന്റെ മാഹാത്മ്യം' (*Mulieris Dignitatem*) എന്ന ചാക്രികലേഖനത്തിൽ വിവക്ഷിക്കുന്ന 'സ്ത്രൈണ സിദ്ധികൾ' (Feminine Genius) നമ്മുടെ രൂപതയുടെ നന്മയ്ക്കായി ഏകോപിപ്പിക്കുവാൻ എപ്പാർക്കിയൽ വനിതാ ഫോറവും രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മീഷനുകൾ വഴിയായി സഭാത്മകജീവിതത്തിന്റെ രണ്ടു സുപ്രധാന മേഖലകളെ പരിപോഷിപ്പിക്കുവാനാണ് ഇത്തരുണത്തിൽ നാം ലക്ഷ്യം വയ്ക്കുക.

1. പുതുതലമുറയുടെ വിശ്വാസ പരിശീലനം

2. കുടുംബകൂട്ടായ്മകളുടെ രൂപീകരണവും വളർച്ചയും

ഈ മാസം 26-ാം തീയതി നാം വലിയ നോമ്പിന്റെ നാളുകളിലേക്ക് കടക്കുകയാണ്. മാർത്തോമ്മാ ക്രിസ്ത്യാനി കൾ 'ഉപവാസത്തിന്റെ സ്നേഹിതർ' എന്ന് അറിയപ്പെട്ടിരുന്നു. ആരാധനാക്രമവത്സരത്തിലെ വിവിധ കാലങ്ങളിൽ സഭയിൽ അനുഷ്ഠിക്കപ്പെടുന്ന ഉപവാസത്തിന്റെയും തപസ്സിന്റെയും നിഷ്ഠകളാണ് ഈ പേരിനു അവരെ അർഹ രാക്കിയത്. വിദേശ രാജ്യങ്ങളിലെ മാറിയ ഭക്ഷണക്രമങ്ങൾക്കിടയിലും കുഞ്ഞുങ്ങളടക്കം നോമ്പിന്റെ ചൈതന്യം ആത്മാർത്ഥമായി പുലർത്തുന്ന അനേകം കുടുംബങ്ങളെ അജപാലന ശുശ്രൂഷയ്ക്കിടയിൽ ഞാൻ കണ്ടിട്ടുണ്ട്.

ആഗോള സഭയിലെ ഏറ്റവും ജീവസുറ്റ വ്യക്തിഗതസഭകളിൽ ഒന്നായി നമ്മെ നിലനിർത്തുന്നതും ഈ പാരമ്പര്യങ്ങളായിരിക്കണം. കാരണം ഉപവാസവും പ്രാർത്ഥനയും വിരസമായ കാർക്കശ്യങ്ങളല്ല, പ്രത്യുത ക്രൈസ്തവമായ ഫലദായകത്ത്വത്തിന്റെ ഉറവിടങ്ങളാണ്. നോമ്പിനെക്കുറിച്ച് പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപാപ്പ പറയുന്നത് 'ദൈവവചനത്തിലും കൂദാശകളിലും നമ്മുടെ സഹോദരീസഹോദരന്മാരിലും വസിക്കുന്ന ഈശോയുടെ തിരുമുഖം ദർശിക്കുവാൻ ഏറ്റവും അനുകൂലമായ കാലം' എന്നാണ്. സീറോ മലബാർ കുർബാനയിൽ നോമ്പുകാലത്തെ കാറോസൂസയ്ക്കു ശേഷം കാർമ്മികൻ ഇപ്രകാരം പ്രാർത്ഥിക്കുന്നു: 'യഥാർത്ഥമായ പ്രാർത്ഥനാ ചൈതന്യവും സഹോദരസ്നേഹവും ആത്മപരിത്യാഗവും പുലർത്തി ഈ നോമ്പുകാലം ഫലദായകമാക്കുവാൻ ഞങ്ങളെ സഹായിക്കണമേ'. നമ്മുടെ രൂപതയുടെ മദ്ധ്യസ്ഥയായ വിശുദ്ധ അൽഫോൻസാമ്മ ഈ പ്രാർത്ഥനയുടെ സന്ദേശം ജീവിതത്തിൽ അന്യൂനം പ്രാവർത്തികമാക്കിയവളാണ്.

പ്രവാസികളുടെ അജപാലനത്തെ സംബന്ധിക്കുന്ന മാർഗ്ഗരേഖയായ *Erga Migrantes Caritas Christi* (*EMCC*) കുടിയേറ്റത്തിന്റെയും പ്രവാസത്തിന്റെയും ആത്മീയതയെക്കുറച്ച് സവിസ്തരം പ്രതിപാദിക്കുന്നുണ്ട്. പഴയനിയമജനതയുടെ പുറപ്പാടനുഭവവും വിപ്രവാസകാലങ്ങളും തിരുക്കുടുംബത്തിന്റെ പലായനവുമെല്ലാം ജീവിതാനുഭവങ്ങളോട് ചേർത്ത് വായിക്കുമ്പോൾ കടന്നു വന്ന വഴികളിലെ ദൈവികസാന്നിദ്ധ്യത്തെ തിരിച്ചറിയുവാനും എത്തിച്ചേരേണ്ട ലക്ഷ്യത്തെ തെളിമയോടെ കാണുവാനും നമുക്കു സാധിക്കും. എല്ലാറ്റിനുമുപരിയായി ഈശോയുടെ പെസഹാരഹസ്യങ്ങളിലൂടെ യാത്രചെയ്ത് ദൈവരാജ്യത്തിൽ പ്രവേശിക്കുക എന്ന സത്യത്തിന്റെ വലിയ ഒരു പ്രതീകമായും കുടിയേറ്റം നിലകൊള്ളുന്നുണ്ട് (*EMCC* 101). 'നമുക്കും അവനോടൊപ്പം പോയി മരിക്കാം' (യോഹ 11, 16) എന്ന മാർ തോമ്മാ ശ്ലീഹായുടെ ധീരവചനത്തിലും പെസഹാരഹസ്യങ്ങളിലൂടെ കടന്നു പോകുവാനുള്ള ആഹ്വാനം നാം ശ്രവിക്കുന്നു. 'മിശിഹായുടെ സഹനജീവിത്തോട് യോജിച്ചുകൊണ്ട് ആത്മവിശുദ്ധീകരണത്തിനായി യത്നിക്കുവാൻ' നമ്മുടെ വിശ്വാസത്തിന്റെ പിതാവായ മാർ തോമ്മാശ്ലീഹായും കുരിശിന്റെ വഴിയിൽ ഈശോയെ പിൻചെന്ന പരിശുദ്ധ കന്യാമറിയവും നമ്മെ സഹായിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

ഉപവാസത്തിലും പ്രാർത്ഥനയിലും പിതാവിന്റെ അഭീഷ്ടം അന്വേഷിച്ച പുത്രനായ ഈശോ ഈ നോമ്പുകാലത്ത് ഗ്രേറ്റ് ബ്രിട്ടൺ രൂപതയിൽ നമുക്കു നിറവേറ്റുവാനുള്ള ദൈവഹിതത്തെ മനസിലാക്കുവാൻ നാമേവരേയും അനുഗ്രഹിക്കട്ടെ എന്ന പ്രാർത്ഥനയോടെ,

മിശിഹായിൽ സ്നേഹപൂർവ്വം,

Mar Joseph Srampickal

മാർ ജോസഫ് സ്രാമ്പിക്കൽ

ഗ്രേറ്റ് ബ്രിട്ടൺ സീറോ മലബാർ രൂപതാ മെത്രാൻ

പ്രസ്റ്റൺ, 24/02/2017

---

NB: ഈ ഇടയലേഖനം ഗ്രേറ്റ് ബ്രിട്ടണിൽ സീറോ മലബാർ കുർബാന അർപ്പിക്കപ്പെടുന്ന എല്ലാ സെന്ററുകളിലും വായിക്കേണ്ടതാണ്.